ആരാധനക്രമം

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# മരിച്ചവർക്കുവേണ്ടിയുള്ള
# പാട്ടുകുർബാന

www.TheCMSIndia.org

# മരിച്ചവർക്കുവേണ്ടിയുള്ള

# പാട്ടുകുർബാന

Lyrics by

**Fr. ABEL C. M. I.**

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

Rights reserved

Ernakulam
11-4-1988

വില 3 രൂപ

www.TheCMSIndia.org

# മരിച്ചവർക്കുവേണ്ടിയുള്ള
# പാട്ടുകുർബ്ബാന

കാർമ്മികൻ തിരുവസ്ത്രങ്ങളണിയുമ്പോൾ
സമൂഹം താഴെ വരുന്ന പാട്ടുപാടുന്നു.

### ഗാനം

മരണത്താലേ മാനവനുലകിൽ
മംഗളജീവൻ പകർന്നവനേ,
മരണമടഞ്ഞോർക്കാനന്ദത്തിൻ
പരമകവാടം തുറക്കണമേ.

ചെന്നിണബലിയാ, ലുന്നതവെളിവാൽ
ശാന്തിജഗത്തിൽ വിതച്ചവനേ,
മരണമടഞ്ഞോർക്കാനന്ദത്തിൻ
പരമകവാടം തുറക്കണമേ.

ബലിയിതു കൈക്കൊണ്ടലിവൊടുനാഥാ,
മൃതരുടെ പാപം പൊറുക്കണമേ.
നിത്യവിരുന്നിൻ കതിരുകൾ വീശും
നിറതിരിയവരിൽ കൊളുത്തണമേ.

അവനിയിലങ്ങേ പാവനനാമം
കീർത്തിച്ചവരെ മറക്കരുതേ;
അവനിയിലങ്ങേ ദിവ്യശരീരം
കൈക്കൊണ്ടവരെ ത്യജിക്കരുതേ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കാർമ്മികൻ കുർബാനയാരംഭിക്കുന്നു

**കാർമ്മി:** പിതാവിൻെറയും † പുത്രൻെറയും പരി· ശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

ഗാനം

**കാർമ്മി:** ഉന്നതങ്ങളിൽ മഹേശ്വരനു കീർത്തനം·

**സമൂ:** നരനു ഭൂമിയിൽ ശാന്തിയും പ്രത്യാശയും·

**കാർമ്മി:** സ്വർഗ്ഗസ്ഥിതനാം നിത്യപിതാവേ,
നിൻതിരുനാമം വാഴ്ത്തപ്പെടണം.

**സമൂ:** പരിപാവനമാം നിന്നുടെ രാജ്യം
മഹിമയൊടുലകിൽ വന്നീടേണം

**കാർമ്മി:** സ്വർഗ്ഗതലത്തെന്നതുപോലത്തേ
ഇഷ്ടം ധരയിൽ നിറവേറേണം.

**സമൂ:** ആവശ്യകമാമന്നദിനഭോജ്യം
ഞങ്ങൾക്കലിവായ് നല്കീടണമേ.

**കാർമ്മി:** ഞങ്ങൾ പൊറുക്കുന്നതുപോൽ നാഥാ,
ഞങ്ങൾക്കും നീ പൊറുതി തരേണം.

**സമൂ:** വിനകളിൽ വീഴാൻ കൈവെടിയരുതേ
തിന്മയിൽനിന്നും രക്ഷിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, വാത്സല്യപൂർവ്വം ഞങ്ങളെ സന്ദർശിക്കുകയും, കാരുണ്യപൂർവ്വം ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യണമേ. ഉത്ഥാനം പ്രതീ·

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ക്ഷിച്ചുമരണമടഞ്ഞവരെ നിത്യാനന്ദത്തിലേയ്ക്കു പ്രവേശി പ്പിക്കണമേ. എന്തുകൊണ്ടെന്നാൽ അങ്ങ് ആകാശത്തി ന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മര ണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാ ത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## സങ്കീർത്തനം (129)

കാർമ്മി: ആഴത്തിൽനിന്നു ഞാൻ
ആർദ്രമായ് കേഴുന്നു;
ദൈവമേ, എന്നെ നീ കേൾക്കേണമേ.

സമൂ: പാപങ്ങളെല്ലാം നീ
ഓർത്തിരുന്നാൽ നാഥാ,
ആരാരീലോകത്തിൽ രക്ഷനേടും?

കാർമ്മി: പാപത്തിൻ മോചനം
നിന്നിൽ ഞാൻ തേടുന്നു;
നീയാണെൻ മോക്ഷവും പ്രത്യാശയും

സമൂ: പുലരുവാൻ കാക്കുന്ന
കാവൽക്കാരെന്നപോൽ
സകലേശാ, നിന്നെ ഞാൻ കാത്തിരിപ്പൂ

കാർമ്മി: പാപങ്ങൾ മോചിക്കും
കാരുണ്യവാരിധേ,
ആത്മാക്കൾക്കാശ്വാസം നല്കേണമേ.

www.TheCMSIndia.org

തിരുശ്ശരീരം ഉൾക്കൊള്ളുന്നു. അനന്തരം വന്ദനംചെയ്ത് കാസ കൈയിലെടുക്കുന്നു.

**കാർമ്മി:** (താഴ്ന്നസ്വരത്തിൽ) സ്വർഗ്ഗീയ മണവാളാ, അങ്ങയുടെ വിരുന്നിനു ക്ഷണിക്കപ്പെട്ടവർക്ക് അങ്ങയുടെ അമൂല്യരക്തത്തിന്റെ കാസ അങ്ങു സജ്ജമാക്കി.

തിരുരക്തം ഉൾക്കൊള്ളുന്നു

അതിൽനിന്നു പാനം ചെയ്യുവാൻ പാപിയായ എന്നെയും അനുവദിച്ചു. അങ്ങയുടെ അവർണ്ണനീയമായ സ്നേഹത്തിനു് എന്നേയ്ക്കും സ്തുതി.

പാട്ടു കഴിയുമ്പോൾ കാർമ്മികൻ ജനങ്ങളെ ആശീർവ്വദിക്കുന്നു.

**കാർമ്മി:** നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ പ്രസാദവരം നാമെല്ലാവരിലും † സമ്പൂർണ്ണമാകട്ടെ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

**സമൂ:** എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** (ജനങ്ങളുടെ നേരേ തിരിഞ്ഞ്) സഹോദരരേ വിശ്വാസത്തോടെ ദൈവപുത്രന്റെ ശരീരം സ്വീകരിക്കുവാനും, അവിടത്തെ കാസ പാനം ചെയ്യുവാനും തിരുസ്സഭ നമ്മെ ക്ഷണിക്കുന്നു.

ജനങ്ങൾക്കു ദിവ്യകാരുണ്യം നൽകുന്നു. അതു കഴിയുമ്പോൾ

**കാർമ്മി:** മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയായ മിശിഹായേ, സകലത്തിന്റെയും നാഥാ, ഞങ്ങൾ സ്വീകരിച്ച ശരീരവും രക്തവും ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ, കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോച

www.TheCMSIndia.org

നത്തിനും, അങ്ങയുടെ സന്നിധിയിൽ സന്തുഷ്ടിക്കും നിദാനമാകട്ടെ.

കാർമ്മികൻ കാസയും പീലാസയും തുടച്ചു ക്രമപ്പെടുത്തുന്നു. സമൂഹം താഴെ വരുന്ന പാട്ടുപാടുന്നു.

## ഗാനം

സഹനം വഴിയായ് മരണത്തിന്മേൽ
ശാശ്വതവിജയം നേടിയ നാഥാ,
രാജമഹേശാ, ദൈവകുമാരാ,
വിനയമൊടങ്ങേ വന്ദിക്കുന്നു.

പരമോന്നതമാമുത്ഥാനത്താൽ
വിജയകിരീടം ചൂടിയനാഥാ,
മർത്ത്യകുലത്തിൻ രക്ഷകനീശോ,
സാദരമങ്ങേ വാഴ്ത്തീടുന്നു.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

തിന്മകളെല്ലാം നീക്കിജഗത്തിൽ
നിർമ്മലകിരണം വീശിയ നാഥാ,
അന്തിമദിവസം മഹിമയൊടങ്ങേ
സന്നിധിയണയാൻ വരമരുളേണം.

**ശുശ്രൂ:** പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ ഈ കർബാനയിൽ പങ്കുകൊള്ളുവാൻ യോഗ്യരാക്കപ്പെട്ട നമുക്കൊരുമിച്ച് അതിന്റെ ദാതാവായ ദൈവത്തിനു സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാം.

**സമൂ:** അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ച കർത്താവേ, അങ്ങേയ്ക്കു സ്തുതി.

**ശുശ്രൂ:** പ്രാർത്ഥിക്കാം നമുക്കു സമാധാനം.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, കടങ്ങളുടെ മോചത്തിനായി കാരുണ്യപൂർവ്വം അങ്ങു ഞങ്ങൾക്കു നൽകിയ പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ ദിവ്യദാനത്തെക്കുറിച്ച് അങ്ങയുടെ മഹനീയമായ ത്രിത്വത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു.

**സമൂ:** ആമ്മേൻ കർത്താവേ, ആശീർവ്വദിക്കണമേ.

**കാർമ്മി:** മനുഷ്യവർഗ്ഗത്തിൻെറ പ്രതീക്ഷയായ മിശിഹായേ, പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ കർബാനവഴി ഞങ്ങളുടെ കടങ്ങൾ മോചിക്കുന്ന കർത്താവേ, അങ്ങയുടെ ആരാധ്യമായ ഈ ദാനം എന്നും വാഴ്ത്തപ്പെട്ടതാകുന്നു.

**ശുശ്രൂ:** ഗുരോ, ആശീർവദിച്ചാലും.

## സമാപനാശീർവാദം

**കാർമ്മി;** കരുണാനിധിയാം കർത്താവേ,
ഞങ്ങളണസ്സും പ്രാർത്ഥനകൾ
കൈക്കൊണ്ടലിവൊടു നിൻസുതരിൽ
ദിവ്യവരങ്ങൾ ചിന്തണമേ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** നിർമ്മലമാനസനാബേലിൻ
പരിപാവനമാം ബലിപോലെ
ബലിയിതുകൈക്കൊണ്ടഖിലേശാ
മൃതരാം സുതരിൽക്കനിയണമേ.

**സമൂ,** ആമ്മേൻ.

www.TheCMSIndia.org

**കാർമ്മി:** പൂർവ്വന്മാരുടെ ബലിപോലെ
ശ്ലീഹന്മാരുടെ ബലിപോലെ
ബലിയിതുകൈക്കൊണ്ടഖിലേശാ,
മൃതരാം സുതരിൽക്കനിയണമേ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** മൃതരുടെ കറകൾ നീക്കണമേ
പാപകടങ്ങൾ പൊറുക്കണമേ
നിത്യവിരുന്നിനു കർത്താവേ,
വിരവോടവരെ ചേർക്കണമേ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** പ്രാർത്ഥിപ്പതിനായ് സന്നിധിയിൽ
വന്നവരാം നിൻ തനയർക്കും
ദിവ്യാനുഗ്രഹമേകണമേ
ഇപ്പൊഴു † മെപ്പൊഴുമെന്നേയ്ക്കും

**സമൂ:** ആമ്മേൻ.

✠ ജനങ്ങളെ ആശീർവ്വദിക്കുന്നു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS